# ‘കരുണ’

## മത്തായി 18:22

“യേശു അവനോടു: ‘ഏഴുവട്ടമല്ല, എഴു എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു’ എന്നു പറഞ്ഞു.”

പത്രോസ് കർത്താവിനോട് ഒരു ചോദ്യം ഉന്നയിക്കുന്നു. തന്റെ സഹോദരൻ പിഴച്ചാൽ അവനോട് എത്രവട്ടം ക്ഷമിക്കണം? അതിനുള്ള ഉത്തമമായ മറുപടിയും ഒരു ഉപമയിലൂടെ കർത്താവ് വിവരിച്ചു കൊടുത്തു. കടം ഇളച്ചു കൊടുത്ത് ദാസനോടു കരുണ കാണിച്ച രാജാവ്. എന്നാൽ ഇളച്ചുകിട്ടിയ ദാസൻ തന്നോട് കടപ്പെട്ടിരുന്ന ഒരുവനെ ഒരു ദയയും കാണിക്കാതെ തടവിൽ ഇട്ടു. സംഭവം അറിയുന്ന രാജാവ് വീണ്ടും ആദ്യത്തെ ദാസനെ അത് വീട്ടുവോളം ദണ്ഡിപ്പിക്കുന്നവരുടെ കൈയിൽ ഏല്പിച്ചു എന്ന് നാം വായിക്കുന്നു.

ദൈവത്തിന്റെ കരുണ നമുക്കെല്ലാവർക്കും ആവശ്യമാണ്. എഫേസ്യർ 2:1 ൽ നാം കാണുന്നു “അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും”, അതേ, പ്രകൃതിയാൽ കോപത്തിന്റെ മക്കളായി നിത്യനരകത്തിന് അവകാശികളായിരുന്ന നമ്മെ ഓരോരുത്തരേയും ദൈവത്തിന്റെ നീതിയും അതോടൊപ്പം കരുണയും കൂടിചേർന്നാണ് രക്ഷിച്ചത്. കരുണാസമ്പന്നനായ ദൈവം തന്റെ മഹാസ്നേഹം നിമിത്തം നമുക്കു ചൊരിഞ്ഞുതന്ന കൃപ എത്രയധികമായിരുന്നു. ഇന്ന് ക്രിസ്തുവിനോടുകൂടെ നമ്മെ സ്വർഗ്ഗത്തിന്റെ വലത്തുഭാഗത്തിരുത്താൻ തക്കവണ്ണം അർഹതയില്ലാത്തതല്ലേ ചൊരിഞ്ഞുതന്നത്.

ഇന്നു കണ്ടതായ കുറിവചനത്തിലൂടെ കണ്ണോടിക്കുമ്പോൾ കർത്താവ് നമ്മുടെ ജീവിതത്തിൽ ചൊരിഞ്ഞു തന്നതായ കരുണ ഒന്നുമാത്രം ഓർത്താൽ മതി. ഇന്ന് ഹൃദയപൂർവ്വം ക്ഷമിക്കാനും, കരുണ കാണിക്കാനും മനുഷ്യൻ പരാജയപ്പെടുന്നു. നാം കണ്ടതായ ഉപമ അതുതന്നെയല്ലേ കാണിക്കുന്നത്. നമുക്ക് ലഭിക്കുന്ന കരുണ, മറ്റുള്ളവരോട് നാം പകരുന്നില്ലെങ്കിൽ വചനത്തിൽ കണ്ടതുപോലെ ദണ്ഡിപ്പിക്കുന്നതായ ഒരു അനുഭവത്തിലേക്ക് തീർച്ചയായും കടന്നുപോകേണ്ടി വരും.

യാക്കോബ് 2:13 ൽ പറയുന്നു “കരുണ കാണിക്കാത്തവന്നു കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും; കരുണ ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു.” എത്ര വലിയ ചിന്ത ആകുന്നു പ്രിയരേ, കരുണയ്ക്ക് ന്യായവിധിയിൽനിന്ന് നമ്മെ വിടുവിക്കാൻ കഴിയും. അതുകൊണ്ട് തീർച്ചയായും ഒരു വിശ്വാസിക്ക് വിശ്വാസത്താലുള്ള

പ്രവർത്തികളും വെളിപ്പെടേണ്ടതായിരിക്കുന്നു. നമ്മെ ദ്രോഹിക്കുന്നവരോട്, പീഡിപ്പിക്കുന്നവരോട്, എതിർക്കുന്നവരോട്, വഞ്ചിക്കുന്നവരോട് ഹൃദയപൂർവ്വം തന്നെ ക്ഷമിക്കാൻ, കരുണ കാണിക്കാൻ ഈ വചനങ്ങൾ ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഇന്നു ശിശുക്കളോടുപോലും വാൽസല്യവും, കരുണയും ഇല്ലാത്ത ഒരു സമൂഹത്തിൽ നാം ആയിരിക്കുമ്പോൾ അല്പം വേറിട്ടതായ ഒരു ദൈവീക സ്വഭാവം നമുക്ക് ഏറ്റെടുക്കാം, നമ്മുടെ കണ്ണ് നാം ആയിരിക്കുന്ന വൃത്തത്തിൽനിന്ന് ഒന്നു പുറത്തേക്ക് ഒഴുകട്ടെ. നാമും, നമ്മുടെ കുടുംബവും കഴിഞ്ഞ്, അതിനപ്പുറമുള്ള ഒരു സമൂഹത്തിലേക്കും ഹൃദയത്തിൽ നിന്ന് നിറയുന്ന കരുണ ഒഴുകട്ടെ എന്നു പ്രാർത്ഥിക്കുന്നു. മറ്റുള്ളവർ നമ്മോടു ചെയ്ത ദോഷപ്രവർത്തികൾ മാത്രം താലോലിച്ചുകൊണ്ടിരുന്നാൽ ഹൃദയം വീണ്ടും അസ്വസ്ഥമായിക്കൊണ്ടിരിക്കും. എന്നാൽ ദയയും, കരുണയും ധാരാളമായി ഒഴുക്കി പൂർണ്ണസന്തോഷവും, സ്വസ്ഥതയും, വിശ്രമവും അനുഭവിക്കാൻ ഓരോ ദൈവപൈതലിനും ഇടയാകട്ടെ. ദൈവീക കരുണയുടെ ഓരോ പാത്രങ്ങളായി വിളങ്ങുവാൻ കരുണയുള്ളവനായ കർത്താവ് സഹായിക്കട്ടെ.

**പരാമർശം :**
**മത്തായി 5:7**

കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 031**